# കേരള സർവകലാശാല

നം. പി.ആർ.266/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.ആർക്ക് ഓൺലൈൻ രജിസ്ട്രേഷൻ

കേരള സർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ ബി.ആർക്ക് (2013 സ്കീം) റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ഡിസംബർ എട്ട് മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ എൽ.എൽ.ബി /ബി.കോം എൽ.എൽ.ബി /ബി.ബി.എ എൽ.എൽ.ബി പരീക്ഷകൾ

കേരള സർവകലാശാല 2018 ജനുവരി 15 ന് ആരംഭിയ്ക്കുന്ന ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) ബി.എ എൽ.എൽ.ബി /ബി.കോം എൽ.എൽ.ബി /ബി.ബി.എ എൽ.എൽ.ബി പരീക്ഷകളിലേക്ക് പിഴകൂടാതെ ഡിസംബർ 18 (50 രൂപ പിഴയോടെ ഡിസംബർ 20, 125 രൂപ പിഴയോടെ ഡിസംബർ 22) വരെ ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സർട്ടിഫിക്കറ്റ് സമർപ്പിക്കണം

കേരള സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന നാലാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് കോഴ്സിന്റെ ഹാർഡ്‌വെയർ ട്രെനിംഗ് സർട്ടിഫിക്കേറ്റ്സ് ഡിസംബർ ഒൻപതിന് മുൻപായി കോർഡിനേറ്ററെ ഏൽപ്പിക്കേണ്ടതാണ്.

## അപേക്ഷ ക്ഷണിക്കുന്നു

കേരള സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് കംപ്യൂട്ടേഷണൽ ബയോളജി ആന്റ് ബയോഇൻഫർമാറ്റിക്സിലെ പ്രോജക്ടിലേക്ക് നെക്സ്റ്റ് ജനറേഷൻ സീക്വൻസിംഗ് സർവീസിന് വേണ്ടി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്ക് www.dcb.res.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## എം.എ.എസ്.എൽ.പി ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്ക് ഡിസംബർ 23 വരെ അപേക്ഷിക്കാം.

## ബി.എസ്.സി ഫലം

കേരള സർവകലാശാല ആഗസ്റ്റ് മാസം നടത്തിയ ഒന്നാം വർഷ ബി.എസ്.സി നഴ്സിംഗ് (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഡിസംബർ 19 വരെ അപേക്ഷിക്കാം.

## സീറ്റൊഴിവ്

കേരള സർവകലാശാല (ഐ.യു.സി.ജി.ഐ.എസ്.ടി) പി.ജി ഡിപ്ലോമ ഇൻ ജിയോ ഇൻഫർമേഷൻ സയൻസ് & ടെക്നോളജിയിൽ ഒരു എസ്.ടി സീറ്റ് ഒഴിവുണ്ട്. യോഗ്യത : ജിയോളജി, ജിയോഗ്രഫി, എൻവയോൺമെന്റ് സയൻസ്, കമ്പ്യൂട്ടർ സയൻസ്, ഫിസിക്സ് ഇവയിൽ ഏതിലെങ്കിലും പി.ജി ബിരുദം.

താല്പര്യം ഉള്ളവർ അസ്സൽ രേഖകളുമായി ഡിസംബർ 14 ന് മുൻപ് ഹാജരാകുക. ഫോൺ : 04712308214, വിശദവിവരങ്ങൾക്ക് : www.cgist.ac.in

## വിദൂരവിദ്യാഭ്യാസ കേന്ദ്രം യു.ജി/പി.ജി 2017–18 അപേക്ഷകർക്കുള്ള നിർദ്ദേശം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിന്റെ 2017–18 ലെ വിവിധ യു.ജി/പി.ജി കോഴ്സുകളിലേയ്ക്കുള്ള അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ. വിശദവിവരങ്ങൾ Sde.keralauniversity.ac.in വെബ്സൈറ്റിൽ ലഭിക്കും.

തിരുവനന്തപുരം.
07.12.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098